**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി(ക്ഷീരവികസന) വകുപ്പ് - സംസ്ഥാനത്ത് പാൽ ഗുണമേന്മ/ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക്പോസ്റ്റുകളിൽ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ക്ഷീരവികസന) വകുപ്പ്**

സ.ഉ.(കൈ)നമ്പർ.2/2021/ഡിഡി തീയതി, തിരുവനന്തപുരം, 22.01.2021

---

പരാമർശം: 1. 08.12.2017 ലെ ജി.ഒ.(എം.എസ്) 11/2017/ഡിഡി നമ്പർ ഉത്തരവ്

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 05.06.2018, 13.08.2019 തീയതികളിലെ ഇ 3/10234/2017 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് ചെക്ക് പോസ്റ്റുകളിലേക്കായി 9 തസ്തികകൾ പരാമർശം(1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഓരോ ചെക്ക് പോസ്റ്റിലും 1 ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, 1 ലാബ് ടെക്നീഷ്യൻ, 1 ലാബ് അസിസ്റ്റന്റ് എന്ന ക്രമത്തിൽ ആകെ ഒൻപത് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പാൽ ഗുണമേന്മാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി അനുവദിച്ചുകിട്ടിയ ടി തസ്തികകൾ അപര്യാപ്തമായതിനാൽ ചെക്ക് പോസ്റ്റുകളിലെ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അധിക തസ്തികകൾ അനുവദിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്. ഓരോ ചെക്ക് പോസ്റ്റിലും ലാബ് അസിസ്റ്റന്റ് - 2, ക്ഷീരവികസന ഓഫീസർ - 2, അസിസ്റ്റന്റ് ഡയറക്ടർ - 1 എന്ന ക്രമത്തിൽ മൂന്ന് ചെക്ക് പോസ്റ്റിലേയ്ക്കും കൂടി ആകെ 15 തസ്തികകൾ കൂടി അനുവദിച്ചു നൽകുന്നതിന് വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളുടെ ഭരണ ചുമതലയും,, ലാബുകളുടെ സാങ്കേതിക ചുമതലയും ക്ഷീരവികസന ഓഫീസറിൽ നിക്ഷിപ്തമാണെന്നും, ഓരോ ചെക്ക് പോസ്റ്റിലും പാലുമായി വരുന്ന വാഹനങ്ങളിൽ നിന്നും സാമ്പിൾ ശേഖരിച്ച് technical staff നെക്കൊണ്ട് പരിശോധിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ട് issue ചെയ്യേണ്ടതും, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പിൻതുടരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ക്ഷീരവികസന ഓഫീസറായതിനാൽ, 24 മണിക്കൂറും ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നതിന് ഫുഡ് സേഫ്റ്റി ഓഫീസറുടെ അധികാരത്തോട് കൂടിയ ഒരു ക്ഷീരവികസന ഓഫീസർ ചെക്ക്പോസ്റ്റിൽ ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംശുദ്ധമായ പാൽ ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാരണത്താൽ മായം കലർന്ന പാൽ കേരള സംസ്ഥാനത്ത് എത്തപ്പെടുന്നത് അഭിലഷണീയമല്ല. പാൽ ഗുണനിലവാര

നിർണ്ണയപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക എന്നത് അനിവാര്യവും കാലികപ്രസക്തിയുള്ളതുമാണ്. ആയതിനാൽ വ്യാജവും മായം കലർന്നതുമായ പാൽ പരിശോധിക്കുന്നതിന് ആവശ്യത്തിന് തസ്തിക ചെക്ക്പോസ്റ്റുകളിൽ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പം ഓരോ ചെക്ക്പോസ്റ്റിലും പാലുമായി വരുന്ന വാഹനങ്ങളിൽ നിന്നും സാമ്പിൾ എടുക്കുന്നത് ഉൾപ്പെടെയുള്ള നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുവാൻ 24 മണിക്കൂറും ഒരു സ്ഥിരം ഓഫീസറും ലാബ് അസിസ്റ്റന്റും അനിവാര്യമാണ്.

പ്രസ്തുത സാഹചര്യത്തിൽ, ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക്പോസ്റ്റുകളിൽ ഓരോ ചെക്ക് പോസ്റ്റിലേക്കും 39,500-83000 രൂപ ശമ്പള സ്കെയിലിൽ ഓരോ ക്ഷീരവികസന ഓഫീസറുടെ സ്ഥിരം തസ്തികയും (ആകെ മൂന്ന്), കരാർ / ദിവസ വേതന അടിസ്ഥാനത്തിലുള്ള ഓരോ ലാബ് അസിസ്റ്റന്റ് തസ്തികയും (ആകെ മൂന്ന്) വീതം ആകെ 6 (ആറ് എണ്ണം മാത്രം) പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**

**സെക്രട്ടറി**

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (20.01.2021 ലെ ഇനം നം.4516 പ്രകാരം)
ധനകാര്യ വകുപ്പ് (അഗ്രി-എ 2/103/2017-ധന ഫയൽ പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

-117-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-01-2021

ഇനം നം: 4516

ഫയൽ നം. ഡി1/114/2018/ഡിഡി.

വിഷയം : കൃഷി (ക്ഷീരവികസന) വകുപ്പ് - ക്ഷീരവികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

20/1/2021
ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (ക്ഷീരവികസന) വകുപ്പ്.

21/1

Secretary to Government
AH, Dairy Development, Fisheries, Sports &
Youth Affairs Dept.
Government of Kerala

US
21/1

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി1/114/2018/ഡിഡി |
| 2. | വകുപ്പ് | : | കൃഷി (ക്ഷീരവികസന) വകുപ്പ് |
| 3. | വിഷയം | : | ക്ഷീരവികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19.11.2020 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രകാശ് സി.വി. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.01.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18.01.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.01.2021 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തിലേക്ക് വരുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി ക്ഷീരവികസന വകുപ്പിന് കീഴിലുള്ളതും 2017 ൽ അംഗീകാരം നൽകിയതുമായ മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക്പോസ്റ്റുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

(2) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് ചെക്ക് പോസ്റ്റുകളിലേക്കായി 9 തസ്തികകൾ 2017 ൽ അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് തന്നെ മാതൃകയായ തീരുമാനമായിരുന്നു ഇത്തരത്തിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുക എന്നത്. അതോടൊപ്പം പൊതുജനാരോഗ്യ രംഗത്ത് സംസ്ഥാന സർക്കാരിന്റെ താൽപ്പര്യം വെളിവാക്കുന്ന തീരുമാനമായിരുന്നു ഇത്. ഓരോ ചെക്ക് പോസ്റ്റിലും 1 ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, 1 ലാബ് ടെക്നീഷ്യൻ, 1 ലാബ് അസിസ്റ്റന്റ് എന്ന ക്രമത്തിൽ ആകെ 9 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പാൽ ഗുണമേന്മാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി അനുവദിച്ചുകിട്ടിയ ടി തസ്തികകൾ അപര്യാപ്തമാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ ഭരണ ചുമതലയും, ലാബുകളുടെ സാങ്കേതിക ചുമതലയും ക്ഷീരവികസന ഓഫീസറിൽ നിക്ഷിപ്തമാണ്. ഓരോ ചെക്ക് പോസ്റ്റിലും പാലുമായി വരുന്ന വാഹനങ്ങളിൽ നിന്നും സാമ്പിൾ ശേഖരിച്ച് technical staff നെക്കൊണ്ട് പരിശോധിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ട് issue ചെയ്യേണ്ടതും ക്ഷീരവികസന ഓഫീസറാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പിൻതുടരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് ക്ഷീരവികസന ഓഫീസറാണ്. ആയതിനാൽ, ചെക്ക് പോസ്റ്റുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ഫുഡ് സേഫ്റ്റി ഓഫീസറുടെ അധികാരത്തോട് കൂടിയ ഒരു ക്ഷീരവികസന ഓഫീസർ ചെക്ക്പോസ്റ്റിൽ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ചെക്ക് പോസ്റ്റുകളിലെ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഓരോ ചെക്ക് പോസ്റ്റിലും ലാബ് അസിസ്റ്റന്റ് - 2, ക്ഷീരവികസന ഓഫീസർ - 2, അസിസ്റ്റന്റ് ഡയറക്ടർ - 1 എന്ന ക്രമത്തിൽ ആകെ 15 അധിക തസ്തികകൾ അനുവദിക്കണമെന്ന് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

(3) വിഷയത്തിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

'ഓരോ ചെക്ക് പോസ്റ്റിലെയും പാൽ പരിശോധനാ സംവിധാനത്തിലേക്ക് ഒരു ക്ഷീര വികസന ഓഫീസറുടെയും (സ്ഥിരം), കോൺട്രാക്ട് / ദിവസ വേതന അടിസ്ഥാനത്തിലുള്ള ഒരു

ലാബ് അസ്സിസ്റ്റന്റിന്റെയും തസ്തിക വീതം അകെ ആറു തസ്തികകൾ (3x2) മന്ത്രിസഭായോഗതീരുമാനത്തിന് വിധേയമായി അനുവദിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു .

ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് .'

(4) ധനകാര്യവകുപ്പ് അംഗീകരിച്ച തസ്തികകളുടെ ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | സ്കെയിൽ ഓഫ് പേ | അടിസ്ഥാന ശമ്പളം | ഒരാൾക്ക് 13 മാസത്തെ ശമ്പളം | ഒരു വർഷത്തെ ആകെ ചെലവ് | ഡിഎ 20% | ആകെ തുക |
|---|---|---|---|---|---|---|---|---|
| 1 | ക്ഷീരവികസന ഓഫീസർ | 3 | 39500 - 83000 | 39500 | 513500 | 1540500 | 308100 | 1848600 |
| 2 | ലാബ് അസിസ്റ്റന്റ് (കോൺട്രാക്ട്) | 3 | 15000 (consolidated) | | 180000 (12 months) | 180000 | | 180000 |
| | ആകെ | 6 | | | | | | 2028600 |

(5) അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി. എന്നാൽ ചെക്ക് പോസ്റ്റുകളിലെ ക്ഷീരവികസന ഓഫീസർമാർക്ക് 2006 ലെ ഭക്ഷ്യസുരക്ഷ ആക്ടിലെ വകുപ്പ് 37 പ്രകാരം Food Safety ഓഫീസർമാരുടെ അധികാരം നൽകണമെന്ന് ബഹു.ക്ഷീര വികസന വകുപ്പ് മന്ത്രി ശുപാർശ ചെയ്ത സാഹചര്യത്തിൽ ബഹു.മുഖ്യമന്ത്രി നിയമവകുപ്പിന്റെ അഭിപ്രായം തേടുവാൻ നിർദ്ദേശിച്ചു.

(6) നിയമ വകുപ്പിന്റെ ഉപദേശം ചുവടെ ചേർക്കുന്നു.

'ക്ഷീര വികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകളിൽ ഓരോ ക്ഷീരവികസന ഓഫീസറുടെയും കോൺട്രാക്ട് / daily wage വ്യവസ്ഥയിൽ ഓരോ ലാബ് അസിസ്റ്റന്റിന്റേയും തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നുവെങ്കിലും, 2006 ലെ ഭക്ഷ്യസുരക്ഷാ ആക്റ്റിന്റെ വെളിച്ചത്തിൽ പ്രസ്തുത തീരുമാനം മാറ്റിവച്ചു കൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതായിരിക്കും ഉചിതമെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും ചെക്ക് പോസ്റ്റുകളിലെ ഡയറി ഓഫീസർമാർക്ക് 2006 ലെ ഭക്ഷ്യസുരക്ഷാ ആക്റ്റിലെ വകുപ്പ് 37 പ്രകാരം food safety ഓഫീസർമാരുടെ അധികാരം നൽകണമെന്ന് ബഹു.ഡയറി ഡെവലപ്മെന്റ് വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ഈ വിഷയത്തിൽ ബഹു.മുഖ്യമന്ത്രി നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

ഭക്ഷ്യവസ്തുക്കൾ സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനും ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും, സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഒരു Food Safety and Standard Authority of India രൂപീകരിക്കുന്നതിനും അനുബന്ധകാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനായാണ് 2006 ലെ ഭക്ഷ്യസുരക്ഷാനിയമം പാസ്സാക്കിയത്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർക്ക് പ്രസ്തുത ആക്ടിലെ വകുപ്പ് 30, 38 എന്നിവ പ്രകാരം അധികാരം നൽകിയിട്ടുണ്ട്. 2006 ലെ ഭക്ഷ്യസുരക്ഷ നിയമം വകുപ്പ് 97 പ്രകാരം, 1992 ലെ The Milk and Milk Products Order, 1995 ലെ Essential Commodities Act നു കീഴിൽ ഭക്ഷ്യസുരക്ഷാ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി 1992 ലെ Milk and Milk Products Order ഭേദഗതി വരുത്തിയ പ്രസ്തുത ആക്ടിനു കീഴിൽ ആയത് ഭക്ഷ്യ അതോറിറ്റി പ്രസിദ്ധീകരിക്കേണ്ടതും അപ്രകാരം പ്രസിദ്ധീകരിക്കുന്നതു വരെ പ്രസ്തുത ആക്ടിനു കീഴിൽ പുറപ്പെടുവിച്ചതായി കരുതാവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പിനു കീഴിലെ ക്ഷീരവികസന ഓഫീസർമാർക്ക്, പാലും പാൽ ഉൽപ്പന്നങ്ങളും സംബന്ധിച്ച് 2006 ലെ ഭക്ഷ്യസുരക്ഷാ ആക്ട് വകുപ്പ് 37(1) പ്രകാരം Food Safety Officer ടെ അധികാരം നൽകിയാൽ കൂടി അവർ സ്വീകരിക്കുന്ന സാമ്പിളുകളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിക്കുന്നതിനുള്ള അനുമതി നൽകേണ്ടത് ആരോഗ്യ വകുപ്പിന് കീഴിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് (വകുപ്പ് 30 പ്രകാരം). പ്രസ്തുത ആക്ടിന്റെ execution ആരോഗ്യ വകുപ്പിന് കീഴിലായതിനാൽ, ക്ഷീരവികസന ഓഫീസർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ഭരണ വകുപ്പ് ആരോഗ്യവകുപ്പുമായി ആലോചിച്ച് ഉചിതമായ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാവും ഉചിതം.'

(7) വിഷയത്തിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ചുവടെ പറയും വിധം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"പ്രോസിക്യൂഷൻ അധികാരങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിലനിൽക്കെ, ക്ഷീരവികസന വകുപ്പിലെ ക്ഷീരവികസന ഓഫീസർമാരെ, 2006 ലെ ഭക്ഷ്യസുരക്ഷാ ആക്ടിലെ 37(1) വകുപ്പ് പ്രകാരം, പാലും പാലുൽപ്പന്നങ്ങളും സംബന്ധിച്ച ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി" നോട്ടിഫൈ ചെയ്യുന്നതിനോട് ആരോഗ്യവകുപ്പിന് യോജിപ്പില്ല എന്നും ആയതിനാൽ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും പരിശോധന ശക്തിപ്പെടുത്തുന്നതിന് പ്രത്യേകമായി ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 3 പോസ്റ്റുകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും അറിയിക്കുന്നു.'

(8) തുടർന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും വിഷയം ചർച്ച ചെയ്തു. സംസ്ഥാനത്തിന്റെ നിലവിലത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട കാര്യനിർവ്വഹണം ഫുഡ് സേഫ്റ്റി വകുപ്പിൽ നിക്ഷിപ്തമായതിനാലും, ക്ഷീരവികസന വകുപ്പിന്റെ ശിപാർശ അംഗീകരിക്കാൻ കഴിയില്ല എന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെടുകയും, അപ്രകാരം ഒരു മറുപടി ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുമുണ്ട്.

(9) മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക്പോസ്റ്റുകളിൽ ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ ഇതുവരെ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ നിന്നും സൃഷ്ടിച്ചിട്ടില്ല. ബഹു.സുപ്രീം കോടതിയുടെ 159/2012 റിട്ട് പെറ്റീഷന്റെ 17.08.2016 ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ ചെക്ക്പോസ്റ്റുകൾ ഫലപ്രദമായി പ്രവർത്തിക്കാതിരിക്കുന്നത് ഈ മഹാമാരിക്കാലത്ത് ഉചിതമല്ല എന്നതിനാൽ 2017 ൽ അംഗീകാരം ലഭിച്ച ചെക്ക്പോസ്റ്റുകളിൽ മാത്രം അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം ബഹു. വകുപ്പ് മന്ത്രി മുഖാന്തിരം വീണ്ടും ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തു.

(10) വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക്പോസ്റ്റുകളിൽ ഓരോ ചെക്ക് പോസ്റ്റിലേക്കും 39,500-83000 രൂപ ശമ്പള സ്കെയിലിൽ ഓരോ ക്ഷീരവികസന ഓഫീസറുടെ സ്ഥിരം തസ്തികയും (1X3=3), കോൺട്രാക്ട്/ദിവസ വേതന അടിസ്ഥാനത്തിലുള്ള ഓരോ ലാബ് അസിസ്റ്റന്റ് തസ്തികയും (1 x3=3) വീതം ആകെ 6 (ആറ് എണ്ണം മാത്രം) പുതിയ തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ ?

**GOVERNMENT OF KERALA**
**(SRI PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File Number | | D1/114/2018/DD |
| 2. | Department | : | Agriculture (Dairy) Department |
| 3. | Subject | : | Creation of additional posts in Check posts at Meenakshipuram, Parassala and Aryankavu under Dairy Development Department – reg. |
| 4. | Date of Chief Minister's order for placing before the Council | : | 19.11.2020 |
| 5. | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 7. | Name of Joint Secretary who submitted the Draft Note | : | Sri.Prakash C.V. |
| 8. | Name of Secretary who approved the Draft Note | : | Smt.Tinku Biswal |
| 9. | Date of approval of the Draft Note for the Council by the Secretary | : | 08.01.2021 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 12.01.2021 |
| 12. | Name of Minister who approved the Draft Note | : | Sri. K.Raju |
| 13. | Date of approval of the Draft Note for the Council by the Minister | : | 18.01.2021 |
| 14. | Date of submission of fair copies | : | 18.01.2021 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and Date of the G.O./letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the creation of additional posts in the check posts approved in the year 2017 of Meenakshipuram, Parassala and Aryankavu under the Dairy Development Department for improving the quality of milk brought to the State.

(2) Nine posts were sanctioned in the year 2017 for Meenakshipuram, Parassala and Aryankavu Check posts under the Dairy Development Department. It was reckoned, at the time of starting as a model for the entire country and received appreciation from all quarters with regard to the concern of State Government in public health. The nine posts consists of one Dairy Extension Officer, one Lab Technician and one Lab Assistant to each check post. But the Director, Dairy Development Department has informed that the posts already sanctioned are not sufficient for Strengthening quality control activities in the check posts. Dairy Extension Officer is the technical head of the lab as well as administrative head of the Check post. Dairy Extension Officer shall supervise the sampling and testing activities and is the designated authority to issue the test report. He is responsible for ensuring that all the procedures are followed as per Food Safety Standards Act and Regulations, 2006. Hence the Director, Dairy Development Department has reported that, for the 24 hours functioning of each check posts, a post of Dairy Extension Officer vested with the power of Food Safety Officer in each Check posts is necessary. Hence the Director has proposed to sanction 15 additional posts such as one Assistant Director, two Dairy Extension Officers and two Lab Assistant in each check post.

(3) The Finance Department has offered the following remarks:

'ഓരോ ചെക്ക് പോസ്റ്റിലെയും പാൽ പരിശോധനാ സംവിധാനത്തിലേക്ക് ഒരു ക്ഷീര വികസന ഓഫീസറുടെയും (സ്ഥിരം), കോൺട്രാക്ട് / ദിവസ വേതന അടിസ്ഥാനത്തിലുള്ള ഒരു ലാബ് അസ്സിസ്റ്റന്റിന്റെയും തസ്തിക വീതം അകെ ആറു തസ്തികകൾ (3x2) മന്ത്രിസഭായോഗതീരുമാനത്തിന് വിധേയമായി അനുവദിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'

(4) Financial commitment of the additional costs approved by the Finance Department is as follows.

| Sl. No. | Name of Post | No of Posts | Scale of Pay | Basic Pay | Salary for 13 months for each Officer | Total expenses for one year | DA 20% | Total |
|---|---|---|---|---|---|---|---|---|
| 1 | Dairy Extension Officer | 3 | 39500 - 83000 | 39500 | 513500 | 1540500 | 308100 | 1848600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | Lab Assistant (Contract) | 3 | 15000 (consolidated) | | 180000 (12 months) | 180000 | | 180000 |
| | Total | 6 | | | | | | 2028600 |

(5) The Hon'ble Chief Minister has ordered to place the proposal before the Council of Ministers. But as the Hon'ble Minister, Dairy Development has recommended to provide the power of the Food Safety Officers to the Dairy Extension Officers in the check posts as per Section 37 of the Food Safety Act, 2006, the Hon'ble Chief Minister has ordered to obtain the remarks of the Law Department.

(6) Accordingly, the Law Department was consulted and that Department has advised as follows:

'ക്ഷീര വികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം, പാറശ്ശാല, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകളിൽ ഓരോ ക്ഷീരവികസന ഓഫീസറുടെയും കോൺട്രാക്ട് / daily wage വ്യവസ്ഥയിൽ ഓരോ ലാബ് അസിസ്റ്റന്റിന്റേയും തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നുവെങ്കിലും, 2006 ലെ ഭക്ഷ്യസുരക്ഷാ ആക്റ്റിന്റെ വെളിച്ചത്തിൽ പ്രസ്തുത തീരുമാനം മാറ്റിവച്ചു കൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതായിരിക്കും ഉചിതമെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും ചെക്ക് പോസ്റ്റുകളിലെ ഡയറി ഓഫീസർമാർക്ക് 2006 ലെ ഭക്ഷ്യസുരക്ഷാ ആക്റ്റിലെ വകുപ്പ് 37 പ്രകാരം food safety ഓഫീസർമാരുടെ അധികാരം നൽകണമെന്ന് ബഹു.ഡയറി ഡെവലപ്മെന്റ് വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ഈ വിഷയത്തിൽ ബഹു.മുഖ്യമന്ത്രി നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

ഭക്ഷ്യവസ്തുക്കൾ സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനും ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും, സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഒരു Food Safety and Standard Authority of India രൂപീകരിക്കുന്നതിനും അനുബന്ധകാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനായാണ് 2006 ലെ ഭക്ഷ്യസുരക്ഷാനിയമം പാസ്സാക്കിയത്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർക്ക് പ്രസ്തുത ആക്ടിലെ വകുപ്പ് 30, 38 എന്നിവ പ്രകാരം അധികാരം നൽകിയിട്ടുണ്ട്. 2006 ലെ ഭക്ഷ്യസുരക്ഷ നിയമം വകുപ്പ് 97 പ്രകാരം, 1992 ലെ The Milk and Milk Products Order, 1995 ലെ Essential Commodities Act നു കീഴിൽ ഭക്ഷ്യസുരക്ഷാ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി 1992 ലെ Milk and Milk Products Order ഭേദഗതി വരുത്തിയ പ്രസ്തുത ആക്ടിനു കീഴിൽ ആയത് ഭക്ഷ്യ അതോറിറ്റി പ്രസിദ്ധീകരിക്കേണ്ടതും അപ്രകാരം പ്രസിദ്ധീകരിക്കുന്നതു

വരെ പ്രസ്തുത ആക്ടിനു കീഴിൽ പുറപ്പെടുവിച്ചതായി കരുതാവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പിനു കീഴിലെ ക്ഷീരവികസന ഓഫീസർമാർക്ക്, പാലും പാൽ ഉൽപ്പന്നങ്ങളും സംബന്ധിച്ച് 2006 ലെ ഭക്ഷ്യസുരക്ഷാ ആക്ട് വകുപ്പ് 37(1) പ്രകാരം Food Safety Officer ടെ അധികാരം നൽകിയാൽ കൂടി അവർ സ്വീകരിക്കുന്ന സാമ്പിളുകളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിക്കുന്നതിനുള്ള അനുമതി നൽകേണ്ടത് ആരോഗ്യ വകുപ്പിന് കീഴിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറാണ് (വകുപ്പ് 30 പ്രകാരം). പ്രസ്തുത ആക്ടിന്റെ execution ആരോഗ്യ വകുപ്പിന് കീഴിലായതിനാൽ, ക്ഷീരവികസന ഓഫീസർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ഭരണ വകുപ്പ് ആരോഗ്യവകുപ്പുമായി ആലോചിച്ച് ഉചിതമായ നയപരമായ തീരുമാനം കൊക്കൊള്ളുന്നതാവും ഉചിതം.'

(7) The Health and Family Welfare Department has offered the following remarks in the matter :

"പ്രോസിക്യൂഷൻ അധികാരങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിലനിൽക്കെ, ക്ഷീരവികസന വകുപ്പിലെ ക്ഷീരവികസന ഓഫീസർമാരെ, 2006 ലെ ഭക്ഷ്യസുരക്ഷാ ആക്ടിലെ 37(1) വകുപ്പ് പ്രകാരം, പാലും പാലുൽപ്പന്നങ്ങളും സംബന്ധിച്ച ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നോട്ടിഫൈ ചെയ്യുന്നതിനോട് ആരോഗ്യവകുപ്പിന് യോജിപ്പില്ല എന്നും ആയതിനാൽ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും പരിശോധന ശക്തിപ്പെടുത്തുന്നതിന് പ്രത്യേകമായി ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 3 പോസ്റ്റുകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും അറിയിക്കുന്നു."

(8) Subsequently, the matter was discussed by the Principal Secretary (Health & Family Welfare) Department and the Additional Chief Secretary (Dairy Development Department). The Principal Secretary (Health Department) opined not to follow the proposal of Dairy Development Department in the light of present financial situation and also the regulatory functions vested with Food Safety Department. The Director, Dairy Development Department has been informed accordingly.

(9) The Health and Family Welfare Department has not created any additional posts of Food Safety Officers in Meenakshipuram, Parassala and Aryankavu check posts till date. Since the above Check posts which were established as per the Order dated 17.08.2016 of the Hon'ble Supreme Court in Writ Petition 159/2012 is not functioning properly at this time of pandemic due to shortage of staff, the proposal for additional post creation (for check posts approved in 2017) as approved by the Finance Department has again been circulated to the Hon'ble Chief Minister through Hon'ble Minister, Dairy Development.

10) The Hon'ble Chief Minister has ordered to place the matter before Council of Ministers.

**<u>Point for Decision</u>**

Whether a total number of six posts such as one permanent post of Dairy Extension Officer (1x3=3) in the scale of pay of Rs.39,500-83000 and one post of Lab Assistant (1x3=3) on contract/daily wage basis in each check posts, Meenakshipuram, Parassala and Aryankav under Dairy Development Department may be created ?